# നെഹ്റു മെമ്മോറിയൽ യു.പി. സ്കൂൾ

## വള്ളിയൂർക്കാവ്

# അക്കാദമികമാസ്റ്റർ പ്ലാൻ
# 2025–2026

# നെഹ്റു മെമ്മോറിയൽ യു.പി സ്കൂൾ വള്ളിയൂർക്കാവ്
# വിദ്യാലയ അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം നാളിതുവരെ കാണാത്ത വിധമുള്ള മുന്നേറ്റത്തിനൊരുങ്ങുകയാണ്. നല്ല സമൂഹത്തെ സൃഷ്ടിക്കുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നത് വിദ്യാഭ്യാസ മേഖലയാണ്. അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസരംഗം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. സമഗ്രമായ പരിവർത്തനോന്മുഖമായ പ്രവർത്തനങ്ങളിലൂടെ നമുക്കിത് സാധിക്കും-സാധിക്കണം. ആയതിന് ക്രിയാത്മകമായ ഇടപെടലുകൾ എല്ലാ കോണുകളിൽ നിന്നും ഉണ്ടാവണം.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. ഇതിന സഹായകരമായ ഭൗതികപരിസരവും സാമൂഹ്യതലവും നാം ഒരുക്കേണ്ടതുണ്ട്. നമ്മുടെ ലക്ഷ്യങ്ങളിലൂന്നി നിന്നുകൊണ്ട് ജനപക്ഷ കാഴ്ചപ്പാടോടെ ഏകോപിതവും വ്യത്യസ്തവും പ്രചോദനാത്മകവുമായ പ്രവർത്തനസംസ്കാരം കാഴ്ചവെക്കുകയും സർഗാത്മകമായ ചിന്തകളെ മാനിക്കുകയും വേണം.

കേരളത്തിലെ പൊതുവിദ്യാലായങ്ങൾസ്ഥാപിക്കപ്പെട്ടതും വളർന്നതും ജനകീയമായ കൂട്ടായ്മയോടും പങ്കാളിത്തത്തോടും കൂടിയാണ്. ഈ ഒത്തൊരുമയും പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്. നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിച്ചുവന്നത് പൊതുവിദ്യാലയങ്ങളിലൂടെയാണ്. ഇതിന് യാതൊരു കോട്ടവും വരാതെ ഇനിയും നിലനിൽക്കേണ്ടതുണ്ട്. നിലനിർത്തേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ നിലനിന്നിരുന്ന കുറേ പ്രശ്നങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നാം പരിഹരിച്ചു കഴിഞ്ഞു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസരിച്ച് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള അന്വേഷണപരമായ കൂട്ടായ്മകൾ ഉയർന്ന് വരണം. ഓരോ കുട്ടിയുടെയും കഴിവും പരി മിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ സൃഷ്ടിക്കണം. നമ്മുടെ വിദ്യാലായത്തിന്റെ കാഴ്ചപ്പാട് അക്കാദമിക ലക്ഷ്യങ്ങൾ മുൻഗണന വിഭവ വിനിയോഗം, പ്രവർത്തന പരിപാടികൾ ഇവയെല്ലാം ഉൾപ്പെടുത്തിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ അവതരിപ്പിക്കുന്നു.

ഒരു വിദ്യാലയം തുറക്കുന്നവർ 1000 ജയിലുകൾ അടയ്ക്കുന്നു എന്ന റൂസോയുടെ വാക്യം അന്വർത്ഥമാക്കിക്കൊണ്ട് 1996 ലാണ് യശ്ശശരീരനായ ശ്രീ.എം.പി കണ്ണൻ നായർ ഈ വിദ്യാലയം ആരംഭിച്ചത്. പഠനം എന്നത് സാധാരണക്കാരുടെ ഒരു സ്വപ്നമായി മാത്രം ഉണ്ടായിരുന്ന കാലത്ത് പല പ്രതിസന്ധികളെയും അതിജീവിച്ചാണ് ഈ വിദ്യാലയം സ്ഥാപിച്ചത്.

ശ്രീ.കെ.പി ശേഖരൻമാസ്റ്റർ പ്രഥമ അധ്യാപകനായി മുളങ്കാലുകളിൽ പനമ്പുകൾ മിച്ച് ആരംഭിച്ച ഈ വിദ്യാലയം അതിന്റെ ബാലാരിഷ്ടതകൾ പിന്നീട് 1976 ൽ അപ്പർ പ്രൈമറിയായി ഉയർത്തുകയുണ്ടായി. ശ്രീ. ഇ.എം. ശ്രീധരൻമാസ്റ്റർ, ശ്രീ. എം. വി. രാജൻമാസ്റ്റർ, ശ്രീ. അനന്തൻമാസ്റ്റർ, ശ്രീ. കുഞ്ഞികൃഷ്ണൻമാസ്റ്റർ തുടങ്ങി ധാരാളം മഹാരഥൻമാരായ അധ്യാപകരുടെ ശിക്ഷണത്തിലും ആത്മാർപ്പണത്താലും വിദ്യാലയം മികവിന്റെ പാതയിലൂടെ മുന്നേറി. ആദ്യ വിദ്യാർത്ഥിയായ ശ്രീ. പ്രസാദ് മുതൽ ഓരോ വിദ്യാർത്ഥിയെയും അവരുടെ കഴിവുകൾക്കനുസരിച്ച് ഉയർത്തിക്കൊണ്ട് വരാൻ അധ്യാപകർ ആത്മാർത്ഥമായി പരിശ്രമിച്ചു. അക്കാദമിക-കല-കായിക മേഖലകളിൽ സബ്ജില്ല-ജില്ല-സംസ്ഥാന തലങ്ങളിൽ മികച്ച വിദ്യാർത്ഥികളെ ഈ വിദ്യാലയം സംഭാവന ചെയ്തിട്ടുണ്ട്. ഡോക്ടർ, എഞ്ചിനീയർ, അഡ്വക്കേറ്റ്സ്, അധ്യാപകർ, മികച്ച കർഷകർ, സ്പോർട്സ് താരങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രഗത്ഭരെ വാർത്തെടുക്കുന്നതിൽ ഈ വിദ്യാലയം സ്തുത്യർഹമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 2017-18 അധ്യയന വർഷം സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുത്ത് മികച്ച വിജയം നേടിയ അഭിഷേക് രണ്ടാം ക്ലാസുകാരനായ അമീൻഷാദ് എന്ന ചലച്ചിത്രതാരം, കെഞ്ചീര എന്ന സിനിമയിൽ അഭിനയിച്ച പ്രശാന്ത്, ജില്ലാകലോത്സവത്തിൽ കുച്ചുപ്പുഡിയിൽ ഒന്നാം സ്ഥാനം നേടിയ അസ്രിയ ഭാനു ഇന്റർനാഷണൽ ഡ്രാമ ഫെസ്റ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഞ്ചാം ക്ലാസുകാരി സാന്ദ്ര ബാലൻ തുടങ്ങിയവരിൽ എത്തി നിൽക്കുന്നു നമ്മുടെ വിദ്യാലയത്തിന്റെ യശസ്സ്.

അൺ-എയ്ഡഡ് വിദ്യാലയങ്ങളുടെ അതിപ്രസരവും രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസം പണം കൊടുത്ത് നേടേണ്ടതാണ്. അതാണ് സോഷ്യൽ സ്റ്റാറ്റസ് എന്ന മനോഭാവവും വിദ്യാലയ പരിമിതിയായി കാണുന്നതാണ്. സമൂഹത്തിലെ പിന്നോക്ക അവസ്ഥയിൽ കഴിയുന്നവരോട് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധകുറവും പ്രധാന പ്രതിസന്ധിയിലാണ്.

ഇപ്പോൾ 330 ഓളംവിദ്യാർത്ഥികൾ പ്രീ-പ്രൈമറി മുതൽ ഏഴാം തരം വരെ ഇംഗ്ലീഷ് മലയാളം ഡിവിഷനുകളിലായി ഇവിടെ അധ്യയനം നടത്തുന്നു. 18 അധ്യാപകരും ഒരു അനധ്യാപകനും, പ്രീപ്രൈമറി അധ്യാപകർ കമ്പ്യൂട്ടർ ടീച്ചർ മെന്റർ ടീച്ചർ രണ്ട് പാചക തൊഴിലാളികൾ എന്നിവർ ഈ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. മുൻകാല പ്രധാനധ്യാപകരുടെ അക്ഷീണ പ്രയത്നങ്ങൾ വിദ്യാലയ മികവിന് മുതൽകൂട്ടായിട്ടുണ്ട്. 1997 വർഷം മുതൽ മാനേജരായി സേവനം അനുഷ്ഠിക്കുന്നത് ശ്രീ.കെ. നാരായണൻനായർ ആണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിന് പ്രാപ്തമാക്കി. വിശാലമായ കളിസ്ഥലം, ആധുനിക രീതിയിലെ ഷട്ടിൽകോർട്ട്, ചിൽഡ്രൻസ് പാർക്ക്, മികച്ച കമ്പ്യൂട്ടർ ലാബ്, ആയിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി, എന്നിവ വിദ്യാലയത്തെ ആധുനികമാക്കുന്നു.

ഇപ്പോഴത്തെ പ്രധാനധ്യാപിക ശ്രീമതി മിനിജ ടീച്ചറുടെ ചിട്ടയായ ലക്ഷ്യബോധത്തോടെയുള്ള ഇടപെടലുകൾ വിദ്യാലയ പ്രവർത്തനങ്ങൾ സജീവവും സുഗമമവും സക്രിയവും ആക്കി തീർക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതത് ക്ലാസുകളിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2 സ്കൂൾ പരിധിയിലുള്ള വിദ്യാലയ പ്രവേശനം സാധ്യമായ മുഴുവൻ കുട്ടികളെയും വിദ്യാലയപ്രവേശനം ഉറപ്പ് വരുത്തും.

3 ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളടക്കമുള്ള പൊതു സമൂഹത്തെ അറിയിക്കും.

4 കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച്, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയരായ പൗരൻമാരായി വളർത്തും.

5 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.

6 കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്കൂൾ പരിസരം ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റും.

7 ലൈബ്രറി ആധുനിക വത്കരണം

8 പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും

9 സ്കൂൾ തലത്തിൽ കൊഴിഞ്ഞ്പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും

10 ഈ അക്കാദമിക വർഷാവസാനത്തിന് മുമ്പ് സ്കൂൾ ക്യാമ്പസിനെ പൂർണ്ണമായും പ്ലാസ്റ്റിക്മുക്തമാക്കി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കും.

11 ലഹരമുക്ത കീടനാശിനി മുക്ത ക്യാമ്പസ്സാക്കും

12 കാർഷികസംസ്കാരം വളർത്തിയെടുക്കും

13 വിദ്യാലയം ഒരു സാമൂഹ്യസ്ഥാപനമാക്കി മാറ്റപ്പെടുന്നു

14 ഫുട്ബോൾ കോച്ചിംഗ്, നൃത്തപരിശീലനം, കരകൗശല നിർമ്മാണ പരിശീലനം ഇവ നൽകുന്നു.

# സ്കൂൾ പ്രൊഫോർമ I (Academic Year 2022-2023)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

റെവന്യൂ ജില്ലയുടെ പേര് :

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | NMUPS Valliyurkavu |
| 2 | അഡ്രസ്സ് | Valliyurkavu |
| 3 | ഫോൺ നമ്പർ | 04935241532 |
| 4 | ഇ-മെയിൽ അഡ്രസ്സ് | vnmupmtdy@gmail.com |
| 5 | സ്കൂൾ കോഡ് | 15463 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടും കൂടിയത് | രണ്ടും കൂടിയുള്ളത് |
| 7 | സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് | Aided |
| 8 | ക്ലാസ് (സ്റ്റാന്റേർഡ്) | ആരംഭം : 1 അവസാനം : 7 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Mananthavady |
| 11 | വിദ്യാഭ്യാസ ജില്ല | Wayanad |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1966 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Mananthavady |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Wayanad* |
| 15 | റൂറൽ/അർബൻ | Urban |
| 16 | ബ്ലോക്ക് | |
| 17 | താലൂക്ക് | Mananthavady |
| 18 | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | Mananthavady |

*വകുപ്പിന്റെ പേര് - പൊതുവിദ്യാഭ്യാസവകുപ്പ്, ഫിഷറീസ് വകുപ്പ്, ട്രൈബർ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

# അക്കാദമികം

## ക്ലാസ് ഒന്ന്

ഭാഷ - മലയാളം

ലക്ഷ്യം

- അടിസ്ഥാന ഭാഷാശേഷി വികസനം.

പ്രവർത്തനം

1 ഭാഷ കളരി

2 പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ.

3 അമ്മ പറയട്ടെ. അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു.

കാലം

ഒരു വർഷം

ഇംഗ്ലീഷ്

ലക്ഷ്യം

- അടിസ്ഥാന ഭാഷാ ശേഷി വികസനം.

പ്രവർത്തനം

- കാർട്ടൂൺ പ്രദർശനം ചെറിയ കഥകൾ പാട്ടുകൾ

കാലം

ഒരു വർഷം

## പരിസരപഠനം

ലക്ഷ്യം - **ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ, പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും.**

ഭക്ഷ്യമേള

നാടൻ **വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകം രുചി അറിയും പ്രകൃതി** നടത്തം.

കാലം- **ഒരു വർഷം**

ഗണിതം

ലക്ഷ്യം- **കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.**

പ്രവർത്തനം

ഗണിത **മാഗസിൻ ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ.**

# മാസ്റ്റർ പ്ലാൻ പ്രവർത്തന വിശദാംശങ്ങൾ
## ക്ലാസ്സ് രണ്ട്

### മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 2025 അവസാനം).
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓരോ ടേമിലും).
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു (ജനുവരി 2026).
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
-

വിലയിരുത്തൽ:

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കലോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കൈയെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
- കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.
- പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
- താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
- ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.
- ആശയവിനിമയശേഷി വളർത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
- വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
- പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.
- സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
- അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
- വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക – എന്താണ് പഠിച്ചത്? ആരെന്താണ് അഭിനയിച്ചത്?

### വിലയിരുത്തൽ:

- പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
- അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
- പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
- യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP).
- പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

**അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

- 1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ് )
- 2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക.(മലയാളം, ഇംഗ്ലീഷ് )
- 3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
- 4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
- 5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- 6. ആശയാവതരണ രീതികളുടെ പ്രായോഗ്യതയും സാധ്യതയും ഗൗരവമായി പഠിക്കുക.
- 7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം  ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
- 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രോജക്ടുകളിൽ ധാരണ നേടുക.

ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- 1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).
- 2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).
- 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന താസവെ റിപ്പോർട്ട് അവതരണം.
- 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- 5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
- 6. പരീക്ഷണോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടുന്ന ലഘു പരീക്ഷണങ്ങൾ.
- 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.
- 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.
- 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതൃമാർഗ്ഗത്തിലും.
- 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
- 11. വായനോത്സവം, രചനോത്സവം.
- 12.12. ലഹരി ബോധവത്കരണം

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പാഠഭാഗങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. മികച്ച വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
- ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

## മൂന്നാം ക്ലാസ്

### ഗണിതം

ആസ്വദിച്ചു പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത വിശകലനാത്മകചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികൾ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജാമിതി പ്രയോജനപ്രദമാണ്. ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികളെ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക എഴുതുക എന്ന് വിശേഷികൾ നേടാൻ നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങൾ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലേക്ക് ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യ ജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സംഘടനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. മനഗണിതത്തിന് പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായി സെന്റീമീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ ടാപ്പ് എന്നീ ഉപയോഗിച്ചു നീളം കൃത്യമായ അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്.

ജൂൺ- ജൂലായ്

യൂണിറ്റ്- രൂപങ്ങൾ വരയ്ക്കാം

- ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം,വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം, തോണി നിർമ്മാണം. (കളർ അ4) വെജിറ്റബിൾ പ്രിന്റിംഗ്

ജൂലൈ ആഗസ്റ്റ്

- 1 മുതൽ 100 വരെ എഴുതിയ ടോക്കൺ.
- കളി നോട്ടുകൾ
- ഓരോ നോട്ടുകളും 10 എണ്ണം വീതം
- കമ്പ് കെട്ടുകൾ
- സംഖ്യാസ് ട്രിപ്പുകൾ
- അബാക്കസ് നിർമ്മാണം

ആഗസ്റ്റ് സെപ്റ്റംബർ

- പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം,വണ്ണം, തൂക്കം, ക്യാമ്പ്

നവംബർ ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം
മനഗണിതത്തിന് പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ENGLISH

ATMS

To study alphabets

To study,, write and read simple words

Create more opportunities for English speakikg in
The class room.

ACTIVITIES

- Pre=test
- Write simple words

Circle the word from TB and read

- Class room communication should be in English, like May I drinks
some water? May I go to toilet?

- Hello
- Hello, everyone.
- Good morning.
- Good morning everyone.
- Good Afternoon everyone
- How are you?
- How are you all?

DURATION

une-July

ugust-septanber

cademic year

HARGE

eacher, Studauts.

eacher, Studats, Parents

CONOMTC SOURCE

TA

il

മലയാളം

ലക്ഷ്യം

വായന

മലയാളം തെറ്റ് കൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

ലേഖനം

- വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക.
- ഫ അക്ഷരം തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ.

സർഗാത്മക പ്രകടനം

പ്രവർത്തനം

പ്രീ ടെസ്റ്റ്

ക്ലാസ് ലൈബ്രറി വികസനം.

ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ
അമ്മ വായന
അമ്മമാരുടെ വായനാക്കുറിപ്പുകൾ
സി പി ടി എ കളിൽ അവതരിപ്പിക്കുന്നു.
വായനാ കാർഡുകൾ തയ്യാറാക്കൽ.

- - *ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.

*ജൂൺ 5 പരിസ്ഥിതി ദിനം

*ജൂൺ 19 വായനാദിനം

വായനാവാരം

ആഗസ്റ്റ് 6 ഹിരോഷിമാ ദിനം പോസ്റ്റർ

ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ

ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം
സെപ്റ്റംബർ 5 അധ്യാപക ദിനം. പഴയകാല അധ്യാപകരുമായി അഭിമു
ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ.
ഒക്ടോബർ 10 ദേശീയ തപാൽ ദിനം. കൂട്ടുകാരന് ഒരു കത്ത്.
നവംബർ 1 കേരളപ്പിറവി പ്രസംഗം.

* നവംബർ 14 ശിശുദിനം.

കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.
വേദി- സി പി ടി എ.

കാലം

ജൂൺ

അധ്യായന വർഷം മുഴുവൻ

ജൂൺ

അധ്യയന വർഷം മുഴുവൻ

ജൂൺ ജൂലൈ

ജൂൺ

ആഗസ്റ്റ്

സെപ്റ്റംബർ ഒക്ടോബർ നവംബർ

അധ്യയന വർഷം മുഴുവൻ

..ുമതല

അധ്യാപകൻ
സി പി ടി എ

സാമ്പത്തിക വിശകലനം

പിടിഎ. സി പി ടി എ

പരിസര പഠനം

ലക്ഷ്യം. ഒന്ന്

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

ാനം

ജൂൺ- ഒക്ടോബർ

പ്രവർത്തനം

പ്രകൃതി നടത്തം

ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.
പ്രത്യേകതകൾ മനസ്സിലാക്കാം.
വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച
നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം- സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ്)
പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം. ( ഡോക്യുമെന്ററി പ്രദർശനം )
ച്ച തെറ്റും ശരിയും

ജൂൺ- മാർച്ച്

പ്രവർത്തനം

പൂന്തോട്ടം ഒരുക്കാം

സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ
വീട്ടിൽ പൂന്തോട്ടം നിർമ്മിക്കാ

ജൂൺ-മാർച്ച്

ഒരു തൈ നടാം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ

നട്ട വൃക്ഷത്തൈ പരിപാലിക്കൽ

പോസ്റ്റർ നിർമ്മാണം

പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ

പരിസരങ്ങളിൽ പതിക്കൽ

മാർച്ച് മെയ്

ദാഹജലം

പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ.

## നാലാം ക്ലാസ്സ്

### ലക്ഷ്യം

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയും ഗണിതത്തിലും പരിസര പഠനത്തിനും ...ത്രവും ആസ്വാദ്യകരവുമാണ് പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിത്വ ...ഴിവുകൾ തിരിച്ചറിഞ്ഞു അവ പരിപോഷിപ്പിക്കുക..

കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.

...ർഗാത്മകതയും സ്വയം പഠനത്തിനും പ്രാധാന്യം.

സാമൂഹികവും പാരിസ്ഥിതികവുമായഅവബോധം വളർത്തൽ. 4സാങ്കേതിക വിദ്യയ ...ടെ ഫലപ്രദമായ ഉപയോഗം.

കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

...ലാളം

...വർത്തനം

...ഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

...ത്യാവശ്യമായ പഠനസാമഗ്രികൾ ഒരിക്കൽ.

...യിക്കാം വളരാം.

...ാസ് വായന, ക്ലാസ് ലൈബ്രറി ഒരിക്കൽ, പുസ്തക പരിചയം.

...യന കുറുപ്പ്, ആസ്വാദനകുറിപ്പ് പുസ്തക സംവാദം.

...ഴുതാം തെളിയാ

...പ്രവർത്തനങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ എഴുത്തി ...ടെ പ്രകടിപ്പിക്കൽ.

...ഴുത്തുകാരനായ സംവദിക്കാൽ

...ഹിത്യകാരമായി എഴുത്തിലൂടെ സംവദികൽ

...ഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ.

ക്ഷ്യമേളം ____________________

ാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം.

ാസ്സിൽ ഒരു സദ്യ.

ാഹിത്യകാരന്മാരുടെ ജന്മപരമായ ദിനാചരണങ്ങൾ, സംഘടിപ്പിക്കൽ, ഡോക്യുമെന്ററി ദർശനം പുസ്തക പരിചയം, ക്വിസ് ലക്ഷ്യം, പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, ിപ്പ് നിർമ്മാണ പ്രദർശനം.

ക്ഷ്യം

ഠനപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു ാണ്ടുവരൽ.

നശേഷി വളർത്തൽ.

ഴുത്ത് പരിപോഷിപ്പിക്കൽ.

ന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ.

ോക്യുമെന്ററിലൂടെ അറിവ് നേടൽ

ൽ ഭക്ഷണങ്ങൾ പരിചയപെടൽ.

ാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമിക്കൽ ആചരിക്കൽ.

ലം

്യം നേടുന്നതു വരെ.

ഷം മുഴുവൻ

ിമാസം

വശ്യാനുസരണം.

ത്തിൽ ഒത്ത്.

കാലയളവ്

ആഴ്ചയിൽ രണ്ട് ദിവസം - വർഷ മുഴുവൻ

ആഴ്ചയിൽ മൂന്ന് ദിവസം.

മൂന്നുമാസത്തിൽ ഒന്ന്

ചുമതലകൾ

ക്ലാസ് ടീച്ചർ എച്ച് എം. എസ് ആർ ജി.

സാമ്പത്തികം

MC

ഗണിതം

പ്രവർത്തനം

വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ.

ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം.

ഗണിത ലാബ് ഗണിത ചുമർ

ഗണിത പഠനോപകരണ ശില്പശാല, പാഠഭാഗങ്ങൾ ബന്ധപ്പെട്ട പഠന പ്രവർത്തനം, ഗണിത പ്രവർത്തനങ്ങളുടെ നിർമ്മാണം, പ്രദർശനം.

ഗണിത മേളം. പ്രശ്നോത്തരി, പസിൽ,പാറ്റേൺ.

ലക്ഷ്യം

ഗണിത പഠനം രസകരമാക്കൽ.

ഗണിത പഠനം പഠനം രസകരമാക്കൽ കര ചലനശേഷി വികാസം.

ഗണിത സുതാര്യമാക്കൽ ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.

ഗണിതശേഷി പ്രവർത്തനം.

ചുമതലങ്ങൾ ഒഞ്ചഏ, ക്ലാസ് ടീച്ചർ.

ഒഞ്ചള, ക്ലാസ് ടീച്ചർ.

ടിഎ

എ. ക്ലാസ് ടീച്ചർ.

സാമ്പത്തികം

ാജ

ഇംഗ്ലീഷ്

പ്രവർത്തനം

ഇംഗ്ലീഷ് അസംബ്ലി

ഇംഗ്ലീഷ് ഡയറി

നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പ് എഴുതൽ .

ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ,സ്ക്രിപ്റ്റ്, ഡ്രാമാസ് ഭാഷണം , കഥ പറയൽ.

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ.

ലക്ഷ്യം

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ.

തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി.

സർഗാത്മകത പരിപോഷിപ്പിക്കൽ രചനാ ശേഷി വികസനം.

രചനാ മികവ്

കാലയളവ്

വർഷം മുഴുവൻ

ആവശ്യാനുസരണം

വർഷത്തിലൊന്ന്

ചുമതലകൾ

ക്ലാസ് ടീച്ചർ, ടഞഏ.

സാമ്പത്തികം

ഇല്ല.

പരിസര പഠനം

പ്രകൃതി നടത്തം

ശാസ്ത്ര മൂല, ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരിക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

ഭൂപട വായന- കേരളം,ഇന്ത്യ.

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ ദർശിപ്പിക്കൽ.

ശാസ്ത്രോത്സവം, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം.

ലക്ഷ്യം

നിരീക്ഷണം, അറിവ് നിർമ്മാണം.

ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ

സ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തുക.

ട വായന, വായന സൂചിക, പരിചയപ്പെടൽ, നിർമ്മാണം.

സ്ത്ര പഠനം രസകരമാക്കൽ.

സ്ത്ര പഠനങ്ങളിലൂടെ നേടിയ അറിവുകളുടെ പ്രയോജനം.

ലയളവ്

ശ്യാനുസരണം

ഷം മുഴുവൻ

ഷത്തിലൊരിക്കൽ

തല

എം. സി പി ടി എ

് ആർ ജി

ത്തികം

എ. എസ് എസ് എ

# യുപി അടിസ്ഥാന ശാസ്ത്രം

ലക്ഷ്യം

1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.

2 ശാസ്ത്ര പ്രക്രിയാ ശേഷി വർദ്ധിപ്പിക്കുക,
ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക.

3 ശാസ്ത്ര ഭാഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ

1 ജൈവവൈവിധ്യ പാർക്ക് നിർമ്മാണം

ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ, നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ട് പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു.

2 ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടലുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവ മാതൃകകൾ സംഘടിപ്പിക്കുന്നു.
ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തുന്നു. കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര ലൈബ്രറി നിർമ്മാണം.

3 ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സസ്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അറിവുകളുടെ വീഡിയോ പ്രദർശനം.

കാലം

അക്കാദമിക വർഷം

ജൂലായ്

അക്കാദമിക വർഷം

അക്കാദമിക വർഷം
അക്കാദമിക വർഷം

ചുമതല

സയൻസ് ക്ലബ്ബ്
ശാസ്ത്ര അധ്യാപകൻ
ഊർജ്ജ ക്ലബ്ബ് ഹെൽത്ത് ക്ലബ്.

ശാസ്ത്ര അധ്യാപകൻ

സാമ്പത്തിക വിശകലനം

പി.ടി.എ. രക്ഷിതാക്കൾ.

ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.

ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, പുഴയെ അറിയാൻ യാത്രകൾ, നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ട് പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു.

ശാസ്ത്ര ലാബ് നിർമ്മാണം, ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവ മാതൃകകൾ സംഘടിപ്പിക്കുന്നു

ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു

## ENGLISH ( UP)

MS

Encouragement

ening and Speaking

oduce dofferent genres ( fiction, non fiction, puetry)

amee vocabulary,Enhan Emhance listaning skills

encourage Reading

Develop basic reading, writing, listening and speaking skills.

ivate effective Communication skils for various context.

IVITIES

eravactive
y telling sessions discussing itemes, charucters and plots to enhance listening skills

Group discussions and role plays improve speaking skills.

abulary games and excercises to lvil word knowledge.

ening to rhyms
e day one word
ructive Reading circles.
eide studdents into small groups and provide them with age - short stories.
h group reads the assigned text together and discusses the key elements like charac-
and themes.
ourage students to take tuens Neading aloud and to share their reations to text.
r discussions, read group prescants summary.
ded reading reasim with cumpreheasion questions.
enig compuheasion
uise using anelis stories.
ates a prestatatims.

# ENGLISH ( UP)

AIMS

To Encouragement

Listening and Speaking

Introduce dofferent genres ( fiction, non fiction, puetry)

Enjamee vocabulary,Enhan Emhance listaning skills

To encourage Reading

Develop basic reading, writing, listening and speaking skills.

Cultivate effective Communication skils for various context.

ACTIVITIES

Interavactive
Story telling sessions discussing itemes, charucters and plots to enhance listening skills

Group discussions and role plays improve speaking skills.

Vocabulary games and excercises to lvil word knowledge.

Listening to rhyms
One day one word
Inteructive Reading circles.
Divide studdents into small groups and provide them with age - short stories.
Each group reads the assigned text together and discusses the key elements like characters and themes.
Encourage students to take tuens Neading aloud and to share their reations to text.
After discussions, read group prescants summary.
Guided reading reasim with cumpreheasion questions.
Listening compuheasion
Exercise using anelis stories.
Generates a prestatatims.

MONTH

June, july

August, Desember

AIMS

To develop writing skils

- Intrduuce geammattial conupts such as park of speach, tenses and struchire

- To develop tasic Grammas rules, Focus on sentence strochire, punchations and Grammer.
- Eapand Vocabulary though readig and into lachive activities.
- Language games and achivities.

ACHIVITES

- Impruve sentence sferchire

Preparing and delivering speaches.

Interachive garmkas gamas.

To create that own pomes, storice, deshinareey ets and presend it to the class.

Conduct English Fest

MONTH

Januariy, Febrariy

# മലയാളം U. P

...ഷ കേളി

... അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ...സ്വാദനം എന്നിവ വളർത്തുന്നു.

...വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്.

... അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ പ്രയോഗിച്ച് പദങ്ങളുടെയും വാക ...ളുടെ നിർമാണം.

...വാർത്താ ലോകത്തേക്ക്

...ത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ...ഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വള ത്തുകയും ചെയ്യുന്നു.

...സംവാദം മുഖാമുഖം

...സാഹിത്യകാരന്മാർ,എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാ ...ണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.

...രംഗാ വിഷ്ക്കാരം

... പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ ...സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

... വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചു ...കൊണ്ട് ശില്പശാലകൾ നടത്തുന്നു.

... കമ്പ്യൂട്ടറിംഗ്

...മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ ...സിദ്ധീകരിക്കുകയും ചെയ്യുന്നു.

...മുഴുവൻ പഠിതാക്കളുടെ സർഗാത്മകഥ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ ...ഗസിൻ തയ്യാറാക്കുന്നു.

സാമൂഹ്യപാഠം

ഓർമ്മച്ചെപ്പ്

അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ, പ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാനം നിയമങ്ങൾ ആസ്പദമാക്കി ഐടിസി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.

ശ്യൗേമഹ ഉശലഹറ വ്യശു

ഐസിസി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു

വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്

ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.

പ്രകൃതി താണ്ഡവം, നേർക്കാഴ്ച

ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ ആഘാതത്തെകുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഉലീീ്യെമ ന് ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് രക്ഷിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു

ഭൂമിയുടെ നുറുങ്ങുവെട്ടം

പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സംബന്ധിച്ച് വിദ്യാർഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.

ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം

സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

കൂടെവിടെ മക്കളെ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)

പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തിയ റിപ്പോർട്ട് തയ്യാറാക്കുന്നു

# ഗണിതം U. P

ലക്ഷ്യം

- ഗണിത പഠനം ലളിതവും രസകരവും ആക്കൽ.
- അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പുവരുത്തൽ
- ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ.
- പ്രശ്നപരിഹാരം പ്രായോഗിക പ്രശ്നപരിഹാരത്തിനു മുൻഗണന നൽകൽ.
- ഐസിടി സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണിതം, ഹ രണം എന്നിവ സഹായകമാക്കുന്നു എന്നുള്ള തിരിച്ചറിവ് നൽകുന്നു.
- ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു.
- ജാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിനുള്ള ശേഷി കൈവരിക്കൽ.
- വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ.

ഗണിത കേളികൾ

കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ,ഫ്ലാഷ് കാർഡ്, ഉപയോഗിക്കുന്നു.

പാറ്റേൺ പൂർത്തിയാക്കാം

വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

സ്ഥാന വില, പോക്കറ്റ് നിർമ്മാണം, ജാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ,ജാമിതീയ രൂപങ്ങൾ വരയ്ക്കൽ, വർക്ക് ഷീറ്റ് നിർമ്മാണം, അബാക്കസ്, ചിത്ര സഹായത്തോടെയുള്ള പഠനം ഗണിത പൂക്കള ഡിസൈനിങ്.

* കുസൃതി കണക്കുകൾ, പസിൽ നിർമ്മാണം, ഗണിതകേളി, ഗണിത പാട്ട്, ജാമിതീയ രൂപങ്ങളുടെ നിർമ്മാണം.

* ഗണിത ശില്പശാല, ഗണിത ലാബ്, ഗണിത കിറ്റ്, ഗണിത ക്ലബ്ബ് രൂപീകരണം.

* ഫീൽഡ് ട്രിപ്പ്- റേഷൻ കട ബാങ്ക് തുടങ്ങിയവ

* സെമിനാർ, ഗണിത ക്വിസ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു.

* ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, ഐസിടി ഉപയോഗപ്പെടുത്തി ഗണിത പഠനം, ഗണിത കളികൾ പാമ്പും കോണിയും മുതലായവ പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നു.

* കലാ പഠനത്തിൽ കായിക മേഖലയിൽ ഗണിതത്തിന്റെ പ്രാധാന്യം ബോധ്യമാക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.

ചുമതല

* ഗണിത അധ്യാപകൻ, ഗണിത ക്ലബ്ബ്, പിടിഎ, എസ് ആർ ജി.

കാലം

* ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

(UP & HS)

...മേഖല - അക്കാദമികം

ഉപമേഖല: സംസ്കൃത...

| ...ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ...ശേഷി വികസിപ്പിക്കൽ.<br>• ...അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• ...കാണുന്നതും ...കേൾക്കുന്നതും ...പയോഗിക്കുന്നതുമായ ...സ്തുക്കളുടെ പേരുകൾ ...ംസ്കൃതത്തിൽ ...ഠിക്കുക.<br>• ...ആശയങ്ങൾ ...റ്റുകൂടാതെ ...കടിപ്പിക്കാനും ...ർഗാത്മകരചനകൾ ...കസിപ്പിക്കാനുമുള്ള ...വസരം നൽകുക.<br>• ...ല്ലാ കുട്ടികളും ...ർത്ഥപൂർണമായി ...യിക്കുന്നുവെന്ന് ...പ്പ് വരുത്തുക.<br>• ...ഹിത്യാഭിരുചി ...ർത്തുന്ന ...ർത്തങ്ങൾ<br>• ...ലാശേഷി ...സിപ്പിക്കുന്നതിനാ...<br>• ...ആധുനിക ...തികവിദ്യാ ...തകളെ ...ജനപ്പെടുത്തൽ ...ലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**

  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **കച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**

  ംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം ശ്ലോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**

  ക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ ധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് പ്ലാൻ- അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് ''അറബിക് മധുരം'' ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സമാഹരണം:<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

മേഖല ഉറുദു

ലക്ഷ്യം

ഉറുദുവിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി

ഭാഷാശേഷി വർദ്ധിപ്പിക്കൽ

മുഴുവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കണം

കലോൽസവ തയ്യാറെടുപ്പ്

അധ്യാപക സ്നേഹവും ആദരവും വർദ്ധിപ്പിക്കൽ

ഭാഷാ പ്രാധാന്യം

എഴുത്ത്

പ്രവർത്തനങ്ങൾ

പ്രീ ടെസ്റ്റ് പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ പ്രത്യേക പരിശീലനം പ്രത്യേക

മോഡ്യൂൾ കമ്പ്യൂട്ടർ അധിഷ്ഠിത ക്ലാസ്

പതിപ്പ് നിർമ്മാണം ചുമർപത്രിക നിർമ്മാണം വർക്ക് ഷീറ്റ് നിർമ്മാണം ഉറുദു ക്ലബ്ബ് രൂപീകരണം

അഞ്ചു മുതൽ വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ലളിതമായ ഉറുദു പുസ്തക ലൈബ്രറി

ശില്പശാലയും സാഹിത്യസദസും കലോത്സവ ഇനങ്ങൾ പരിചയപ്പെടുക

ഇഖ്ബാൽ ടാലന്റ് ടെസ്റ്റ്

അധ്യാപക ദിനോത്സവം പോസ്റ്റർ നിർമ്മാണം

ഉറുദുഭാഷാ ദിനവുമായി ബന്ധപ്പെട്ട് ബാഡ്ജ് നിർമ്മാണം പോസ്റ്റർ നിർമ്മാണം

വായന കാർഡ് നിർമ്മാണം കഥ നിർമ്മാണം

കാലം

ജൂൺ ഡിസംബർ

ജൂൺ ആഗസ്റ്റ് ജൂലൈ

ജൂൺ മാർച്ച്

സെപ്റ്റംബർ ഒക്ടോബർ

സെപ്റ്റംബർ 5

ഫെബ്രുവരി 15 ദേശീയ ഉറുദു ദിന നവംബർ 9 ലോക ഉറുദു ദിനം

ഏപ്രിൽ ഫെബ്രുവരി

ചുമതല

ഉറുദു അധ്യാപിക

സാമ്പത്തികം

എച്ച് എം സബ്ജക്ട് കൗൺസിൽ

ഉറുദു പഠിക്കുന്ന കുട്ടികളുടെ പിറന്നാൾ സമ്മാനവുമായി ഓരോ പുസ്തകം മറ്റേതെങ്കിലും സ്പോൺസർ പണം സമാഹരിക്കുക